**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1526** **19-06-2024 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി താലൂക്ക് ഓഫീസിൽ പഴയ രസീതുകൾ ഉപയോഗിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂനികുതി അടക്കമുള്ളവ അടയ്ക്കുന്നതിന് പുതിയ സംവിധാനം ഏർപ്പെടുത്തിയതിന് ശേഷവും തഹസിൽദാർ പഴയ രസീതുകൾ നിയമവിരുദ്ധമായി കൈവശം വെച്ച് ഉപയോഗിച്ചുവെന്ന് അട്ടപ്പാടി താലൂക്ക് ഓഫീസിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രസീത് പുസ്തകങ്ങളും എത്ര ലീഫുകളും ആണ് തഹസിൽദാർ ഇത്തരത്തിൽ ഉപയോഗിച്ചത് എന്നറിയിക്കാമോ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ; തഹസിൽദാർക്കെതിരെ ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | അട്ടപ്പാടി താലൂക്ക് ഓഫീസിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധന പ്രകാരം അഞ്ച് TR-5 രസീത് പുസ്തകങ്ങൾ ഉള്ളതായും അതിൽ ഒരെണ്ണം 31.03.2022 വരെ ഭാഗീകമായി ഉപയോഗിച്ചതായും ആയതിന്റെ 19 ലീഫുകൾ ഉപയോഗിച്ചിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ അട്ടപ്പാടിയിൽ ആറ് വില്ലേജുകളിലായി 2020-2021, 2021-2022, 2022-2023 വർഷങ്ങളിലായി ആകെ 1242 രസീതുകൾ റദ്ദാക്കിയതായും അതിൽ 18,32,342/- രൂപ ഉൾപ്പെട്ടു വരുന്നതായും അക്കൗണ്ടന്റ് ജനറലിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഇൻസ്പെക്ഷൻ വിംഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | അട്ടപ്പാടിയിലെ ആറ് വില്ലേജുകളിൽ എത്ര രസീതുകൾ റദ്ദാക്കിയതായാണ് എ.ജി അന്വേഷണത്തിൽ കണ്ടെത്തിയത്; ഇത് എത്ര ലക്ഷം രൂപയുടേതാണ്; ഇത് സംബന്ധിച്ച് റവന്യൂ വകുപ്പ് അന്വേഷണം നടത്തിയോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ; | (ബി) | അട്ടപ്പാടി താലൂക്ക് ഓഫീസിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധന പ്രകാരം അഞ്ച് TR-5 രസീത് പുസ്തകങ്ങൾ ഉള്ളതായും അതിൽ ഒരെണ്ണം 31.03.2022 വരെ ഭാഗീകമായി ഉപയോഗിച്ചതായും ആയതിന്റെ 19 ലീഫുകൾ ഉപയോഗിച്ചിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ അട്ടപ്പാടിയിൽ ആറ് വില്ലേജുകളിലായി 2020-2021, 2021-2022, 2022-2023 വർഷങ്ങളിലായി ആകെ 1242 രസീതുകൾ റദ്ദാക്കിയതായും അതിൽ 18,32,342/- രൂപ ഉൾപ്പെട്ടു വരുന്നതായും അക്കൗണ്ടന്റ് ജനറലിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഇൻസ്പെക്ഷൻ വിംഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ലാൻഡ് റെക്കോർഡ് മെയിന്റനൻസ്, താലൂക്ക് സർവീസ് അദാലത്ത് എന്നിവയുടെ | (സി) | ലാൻഡ് റിക്കാർഡ് മെയിന്റനൻസ് സംബന്ധിച്ച് 478 ഫയലുകൾ പെന്റിംഗ് ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങളിൽ അട്ടപ്പാടിയിലെ താലൂക്ക് ഓഫീസിന് എന്തെല്ലാം വീഴ്ചകളാണ് സംഭവിച്ചിരിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാമോ; ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ? | | താലൂക്ക് സർവ്വീസ് അദാലത്ത് സംബന്ധിച്ച് അട്ടപ്പാടി താലൂക്ക് ഓഫീസിൽ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ